കാലമുരുളുമ്പോൾ

[പ്രൊഫ. (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

പണിശാലയിൽ ഉരുകുന്ന
ചീസ്കേക്കിൽ അലങ്കരിച്ച
പാൽക്കട്ടിയും തിരുമധുരവും
ലേബലിൽ ചിരിക്കുന്നു.

ഫിർമരക്കൊമ്പിലെ വർണ്ണസ്ഫടികം
പുൽക്കൂട്ടു ബിംബപ്പഴമപ്പെരുമ.
മണിനാദം മിണുങ്ങുന്ന ഊഷ്മളത
മഞ്ഞിലെ മംഗളഗാന വിടപറച്ചിൽ.

കുളമ്പടി കുറുങ്ങുന്ന ഉത്തരധ്രുവ-
പ്പുകക്കുഴൽ ധവളദ്രവണത്തിൽ
ഒളിത്താവളം തേടുന്ന ദക്ഷിണധ്രുവ-
ക്കനം വാർന്ന ഓസോൺ കണികയിൽ
ചോപ്പൻതൊപ്പിയുടെ വെള്ളത്താടി
വിയർപ്പൊപ്പി സാന്തസിങ്ങിന്റെ തുവ്വാല.

സമയമായി —
ശുദ്ധീകരണസ്ഥല-
ഗ്ഗാർബേജു കൂനയിൽ
കറുത്ത കൂറ്റൻ സഞ്ചിയിൽ
കൊഴുപ്പു മെലിഞ്ഞ കോഴിക്കാലിലെ
മാംസളത രുചിച്ചറിഞ്ഞ
മാംസദാഹക്കുപ്പായമൂരുന്ന
മുഴുപ്പു മുറ്റിയ കാലഹരണസ്സ്രവം.

ഒരുങ്ങുക:
പണമൊഴുക്കി പണമൂറ്റുന്ന
എൽ.ഇ.ഡി. ഊർജ്ജലാഭക്കൊതി
ഉണർന്നുറങ്ങുന്നതിനു മുമ്പേ

ടൌൺഷിപ്പിലെ നോട്ടീസുബോർഡിൽ
മുന്നറിയിപ്പു വരും:
പുതുവർഷം കഴിഞ്ഞോട്ടെ
പന്ത്രണ്ടാം രാവിലെ രാജർ
പതിമൂന്നാമക്കത്തിലെ ദു:സൂചനയിൽ
മുക്കൂട്ടുനിരതദ്രവ്യം ചാർത്തട്ടെ –
തിരുശേഷിപ്പായി മാറാടാത്ത
പുല്ലൂട്ടിലെ പശുതിന്നാത്ത ഉണക്കപ്പുല്ല്
അവഗണനയുടെ അവശേഷിപ്പിൽ
ഇലപൊഴിഞ്ഞ അസ്ഥികൂടത്തിലെ
അടരാൻ അടരാടുന്ന ചുവരെഴുത്ത്:
ആട്ടിടയ വടിമിട്ടായി നുണെപ്പും
വാട വാടിയ മരക്കൊമ്പും
തെക്കേമൂലയിൽ തോണ്ടിത്തീർത്ത
സമൂഹപ്പടുകുഴിയിൽ മാത്രം
ചങ്കിടിപ്പു ചെമ്പരത്തിപ്പൂവാക്കി
സശ്ശബ്ദം നിക്ഷേപിക്കുക.
****